കേരള സർക്കാർ

സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ്– മോഡുലാർ എംപ്ലോയബിൾ സ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതിനായി ഐ.ടിഐകളിൽ മൂന്നാം ഷിഫ്റ്റ് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

സ.ഉ (ആർ.ടി) നം.1978/2012/തൊഴിൽ തിരുവനന്തപുരം, തീയതി: 24.12.2012

---

പരാമർശം: വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ 19.10.2012-ലെ എസ്. ഐ.സി–എം.ഇ.എസ്/29906/12–ാം നമ്പർ കത്ത്

ഉത്തരവ്

അനൗപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്തവരുടെ തൊഴിലഭിരുചി വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള 'മോഡുലാർ എംപ്ലോയബിൽ' സ്കിൽ പദ്ധതി നിലവിലുള്ള 73 ഐ.ടി.ഐകളിലും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനായി നിലവിലുള്ള രണ്ട് ഷിഫ്റ്റിന് പുറമെ മൂന്നാം ഷിഫ്റ്റ് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം കത്ത് പ്രകാരം വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.ടി.ഐകളിൽ നലവിലുള്ള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിന് തടസ്സം വരാത്ത വിധത്തിൽ മോഡുലാർ എംപ്ലോയബിൽ സ്കിൽ കോഴ്സ് ആരംഭിക്കുന്നതിനായി മൂന്നാം ഷിഫ്റ്റ് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത കോഴ്സിന് ആവശ്യമായ പരിശീലനം നൽകുന്നതിന് വ്യാവസായിക സ്ഥാപനങ്ങളിൽ നിന്നും യോഗ്യരായ ഇൻസ്ട്രക്ടർമാരെ, സർക്കാരിന് യാതൊരു വിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത വിധം, കരാർ വ്യവസ്ഥയിൽ നിയമിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സി. രാജേന്ദ്രൻ ചെട്ടിയാർ
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ/ഡിബി സെൽ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് ഫയൽ

//ഉത്തരവിൻ പ്രകാരം//

(ഒപ്പ്)

സെക്ഷൻ ഓഫീസർ

(മറുപുറം)

Directorate of Training
Thycaud; Thiruvananthapuram-14
Dated, 9.1.2013

Endt. No. MES-00516/13

Copy communicated to the Principal of all ITIs with instruction to utilise this facility to the maximum.

Sd/-
DIRECTOR OF TRAINING

copy to: 1) C.A to DT/ADT
2) J.D //(MES)
3) D.D (P)
4) S.F (MES)

//Approved for issue//

9\1\13

Joint Director, RDT Kannur
In charge of MES